(എഫ്) ഇന്ത്യൻ കമ്പനീസ് ആക്ട് അനുസരിച്ച് കെ. എസ്. ഇ. ബി.-യെ കമ്പനിയായിട്ടാണ് എസ്. എൻ. സി.-ലാവ്‌ലിനുമായുള്ള കരാറിൽ പറയുന്നതെങ്കിൽ ഈ വ്യാജരേഖ ചമച്ചത് സംബന്ധിച്ച് അന്വേഷണം നടത്തുമോ;

(ജി) വൈദ്യുതി ബോർഡ് കമ്പനിയായി രജിസ്റ്റർ ചെയ്തുവെന്ന് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് വിഭാഗം കണ്ടുപിടിച്ചതിനെത്തുടർന്ന് അവർ വിശദീകരണം ആവശ്യപ്പെട്ടുവോ; എങ്കിൽ അതിന് കെ. എസ്. ഇ. ബി. മറുപടി നൽകിയോ;

(എച്ച്) ഒരു വിദേശ കമ്പനിക്കുവേണ്ടി കൃത്രിമ രേഖ ചമച്ച ഗുരുതരമായ സംഭവത്തിൻമേൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 7-6-1998-ൽ കരാറൊന്നും ഒപ്പു വച്ചിട്ടില്ല. എന്നാൽ 6-7-1998-ൽ പ്രധാന കരാറിന്റെ അഡൻഡം നമ്പർ 1-നുള്ള റിവിഷൻ നമ്പർ 2-ന് ബോർഡിനുവേണ്ടി അന്നത്തെ ചെയർമാനും എസ്. എൻ. സി.-ക്കു വേണ്ടി അവരുടെ വൈസ് പ്രസിഡൻറും ഒപ്പു വച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി, ഡി, ഇ & എഫ്) അല്ല. ബോർഡ് കമ്പനിയായി രജിസ്റ്റർ ചെയ്തിട്ടില്ല. മേൽപ്പറഞ്ഞ കരാറിൽ 'ബോർഡ്' എന്നും 'കമ്പനി' എന്നും എഴുതപ്പെട്ടിട്ടുണ്ട്. അതിനാൽ ഇതൊരു പിശകായി കരുതപ്പെടുന്നു.

(ജി) ഈ പദ്ധതിയുടെ നവീകരണ കരാറിനെ കുറിച്ചുള്ള അക്കൗണ്ടന്റ് ജനറലിന്റെ ഡ്രാഫ്ട് റിവ്യൂവിൽ വൈദ്യുതി ബോർഡ് കമ്പനിയായി രജിസ്റ്റർ ചെയ്തു എന്ന് പരാമർശിച്ചിട്ടില്ല.

(എച്ച്) കൃത്രിമ രേഖ ചമച്ചതായി കണ്ടെത്തിയിട്ടില്ല.

വൈദ്യുതി ബോർഡിന് പിരിഞ്ഞു കിട്ടിയ തുക

55 [2044] ശ്രീ. സി. ടി. അഹമ്മദ് അലി:
,, സി. മമ്മൂട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, ചെർക്കളം അബ്ദുള്ള:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന് ഏത് വർഷം മുതലുള്ള കുടിശ്ശികയാണ് പിരിഞ്ഞു കിട്ടാനുള്ളത്;

(ബി) കുടിശ്ശിക പിരിച്ചെടുക്കുന്ന നടപടികളുടെ ഫലമായ് എന്ത് തുക പിരിഞ്ഞു കിട്ടിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) കുടിശ്ശിക പിരിക്കുന്നതു സംബന്ധിച്ച് റിവ്യൂ നടത്തുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ റിവ്യൂ നടത്തി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വൈദ്യുതി ബോർഡിന് 1980 മുതലുള്ള കുടിശ്ശിക തുക പിരിഞ്ഞു കിട്ടാനുണ്ട്.

(ബി) കഴിഞ്ഞ നാലു വർഷങ്ങളിലായി കുടിശ്ശിക തുകയിൽ നിന്നും 5,892.51 ലക്ഷം രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പ്രസക്തമല്ല.

വൈദ്യുതി ബോർഡ് വിഭജനം

56 [2045] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
,, ലൂഡി ലൂയിസ്:
,, ബി. വിജയകുമാർ:
ശ്രീമതി മേഴ്സി രവി:
ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) 1996-2001 കാലത്തിൽ അധികാരത്തിലിരുന്ന എൽ. ഡി. എഫ്. ഗവൺമെൻറിന്റെ കാലത്ത് സംസ്ഥാന വൈദ്യുതി ബോർഡിനെ വിഭജിച്ച് 3 ലാഭ കേന്ദ്രങ്ങളാക്കാൻ നടപടിയെടുത്തിരുന്നുവോ;

(ബി) അതിൻപ്രകാരം ബോർഡിന്റെ ആസ്തികളും വിഭജിക്കുവാൻ തീരുമാനിച്ചിരുന്നുവോ;

(സി) അതിനുവേണ്ടി 5 കർമ്മ സമിതികളും രൂപീകരിച്ചിരുന്നുവോ; അവയുടെ തലപ്പത്തുണ്ടായിരുന്നത് ആരെല്ലാമായിരുന്നു;

(ഡി) അവർ എതു സംഘടനകളിൽപ്പെട്ടവരായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത കാലത്ത് വൈദ്യുതി ബോർഡിനെ വിഭജിക്കുന്നതിനുള്ള വ്യവസ്ഥകളോടുകൂടിയ കേന്ദ്രനിയമം നിലവിലുണ്ടായിരുന്നുവോ?

ഉത്തരം

(എ) നടപടി എടുത്തിരുന്നു.

(ബി) തീരുമാനിച്ചിരുന്നു.

(സി) രൂപീകരിച്ചിരുന്നു. 5 കർമ്മ സമിതിയുടെയും തലപ്പത്ത് ബോർഡ് ജീവനക്കാരായിരുന്നു.

(ഡി) എല്ലാ പ്രധാന സംഘടനയിലുമുള്ള ജീവനക്കാർ ഉണ്ടായിരുന്നു.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly